# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T.1899** **06.02.2019 ലെ മറുപടി**

## പ്രളയാനന്തരം ജലാശയങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**,, എ.എം. ആരിഫ്**<br>**,, ജോൺ ഫെർണാണ്ടസ്**<br>**,, ആർ. രാജേഷ് :** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) പ്രളയത്തെ തുടർന്ന് വേമ്പനാട്ടുകായലിൽ മണ്ണും ചെളിയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളും വൻതോതിൽ ഒഴുകിയെത്തിയത് കായലിന്റെ ജലവാഹക ശേഷിയെയും ആവാസ വ്യവസ്ഥയെയും എത്തരത്തിൽ ബാധിച്ചെന്ന് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) കായലിൽ മാലിന്യം അടിയുന്നതുമൂലം ജലവാഹകശേഷി ക്രമേണ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അന്താരാഷ്ട്ര പ്രാധാന്യമുള്ള തണ്ണീർത്തടമെന്ന നിലയിൽ റാംസർ പട്ടികയിൽ ഉൾപ്പെട്ട വേമ്പനാട്ടുകായലിന്റെ വിസ്തൃതിയിലും ഘടനയിലും കയ്യേറ്റം കൊണ്ടും ടൂറിസത്തിന്റെ പേരിലുള്ള ദുരുപയോഗം കൊണ്ടും ഉണ്ടായ പ്രതികൂല മാറ്റങ്ങൾ പരിഹരിക്കാൻ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച വേമ്പനാട് കായലിനായിട്ടുള്ള കർമ്മ പരിപ്രേക്ഷ്യത്തിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉണ്ട്. |
| (സി) സ്വാമിനാഥൻ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള കുട്ടനാട് പാക്കേജിൽ കായൽ സംരക്ഷണത്തിനായി പദ്ധതിയുണ്ടോ; | (സി) ഉണ്ട്. തണ്ണീർമുക്കം ബാരേജിന്റെ 3-)0 ഘട്ടം |

| | |
|---|---|
| (ഡി) പ്രളയം സംസ്ഥാനത്തുടനീളമുള്ള നദികളുടെ തീരങ്ങളിൽ വൻനാശനഷ്ടം സൃഷ്ടിച്ചതിനാൽ നദീതീരസംരക്ഷണത്തിന് റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചും അല്ലാതെയും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഡി) നദീതീരങ്ങൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി, കേന്ദ്രഗവൺമെന്റ്, വേൾഡ് ബാങ്ക് എന്നിവയ്ക്ക് പദ്ധതികൾ തയ്യാറാക്കി, ജലസേചന വകുപ്പ് ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾ പദ്ധതി പദ്ധതിയേതര ഫണ്ട് ഉപയോഗിച്ചും നിർവ്വഹിച്ചു വരുന്നു. ജില്ലാ കളക്ടർമാർ സമർപ്പിക്കുന്ന ശുപാർശകളിൽ, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചും പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**